പാലക്കാട് ജില്ലാതല പരാതിപരിഹാര സമിതിയുടെ (Citizen Adalath Portal) ഒരു ഓൺലൈൻ യോഗം 18/08/2023 തീയതി രാവിലെ 11 ന് ചേർന്നതിന്റെ യോഗതീരുമാനങ്ങളും ഹാജർ നിലയും താഴെ ചേർക്കുന്നു.

<u>ഹാജർ</u>

1. ശ്രീ. വി പ്രദീപ്കുമാർ, ജോയിന്റ് ഡയറക്ടർ, തസ്വഭവ
2. ശ്രീമതി.ശുഭ.ടി.എസ്, അസി.ഡയറക്ടർ-4
3. ശ്രീമതി.ദീപ, ജില്ലാ ടൌൺപ്ലാനർ
4. ശ്രീ.സാം, എക്സിക്യൂട്ടീവ് എഞ്ചിനിയർ
5. ശ്രീമതി.ജലജ, ഉപസമിതി കൺവീനർ, PKD-2

യോഗം 18/08/2023 തീയതി രാവിലെ 11 ന് ശ്രീ. വി പ്രദീപ്കുമാർ, ജോയിൻറ് ഡയറക്ടർ, തസ്വഭവ അവർകളുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

ശ്രീ.എം ജാഫർ അലി, ശ്രീമതി റുക്കിയ മോൾ, പത്തിരിപ്പാല, ഒറ്റപ്പാലം എന്നവരുടെ വാണിജ്യ കെട്ടിടം നിർമ്മാണം സംബന്ധിച്ച മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് യോഗത്തിൽ വായിച്ചു. പ്രസ്തുത കെട്ടിടം സ്റ്റെയർകേസ് ഒഴികെ 9.5 മീറ്റർ ഉയരം വരുന്നതും കെപിബിആർ 2011 റൂൾ 28 ന് വിരുദ്ധമായി നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി അപേക്ഷ ലഭിക്കുകയും വിവിധ ന്യൂനതകൾ പരിഹരിച്ചതിനാൽ ജില്ലാ അദാലത്ത് തീരുമാനത്തിലൂടെ ഒന്നാം നിലയ്ക്ക് 20% ടോളറൻസ് നൽകി ക്രമവൽകരിച്ച് നൽകിയിട്ടുള്ളതുമാണ്. ഒന്നാം നിലയുടെ ക്രമവൽക്കരണ ഉത്തരവ് ലഭിക്കുമ്പോൾ തന്നെ രണ്ടാം നിലയുടെ ആർസിസി സ്ലാബ് പ്രവർത്തി പൂർത്തീകരിച്ചതായി അറിയുന്നു. റൂൾ 3.1 ഡി പ്രകാരം സൈറ്റും നിലവിലുള്ള കെട്ടിടവും അംഗീകൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടമോ അല്ലെങ്കിൽ കൂട്ടി ചേർക്കലോ വിപുലീകരണമോ അനുവദിക്കുകയുള്ളു എന്നുള്ളതിനാൽ ഒന്നാം നിലയുടെ ക്രമവൽക്കരണ ഉത്തരവ് ഒന്നാം നിലയ്ക്ക് ലഭിച്ചത് കൊണ്ട് രണ്ടാം നില ക്രമവൽകരിക്കാൻ കഴിയുമോ എന്നതിനുള്ള നിർദ്ദേശം ലഭ്യമാക്കണമെന്നുമാണ് കത്തിൽ പരാമർശിച്ചിട്ടുള്ളത്.

ശ്രീ.എം ജാഫർ അലി, ശ്രീമതി റുക്കിയ മോൾ, പത്തിരിപ്പാല, ഒറ്റപ്പാലം എന്നവരുടെ വാണിജ്യം കെട്ടിടം അസംബ്ലി കെട്ടിടമാണ്. വഴിയോട് ചേർന്ന ഭാഗത്ത് 2 മീറ്റർ വേണ്ടതിനു പകരം 1.80 മീ ആണുള്ളത്. 20% ടോളറൻസ് നൽകി ക്രമവൽകരിച്ച് നൽകിയിട്ടുള്ളതിനാൽ ടി കെട്ടിടം അധികൃതമാണ്. എന്നാൽ രണ്ടാം നില നിർമ്മിച്ചതോടെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ മാറ്റം വരുകയും ആയതിനനുസരിച്ച് പാർക്കിംഗ് കവറേജ്, ഫ്ലോർ സ്പേസ് ഇൻഡക്സ് മുതലായവ പരിശോധിക്കേണ്ടതാണ്. അഗ്നിരക്ഷാ ഗോവണി ഇല്ല. മഴസംഭരണി,സാനിറ്റേഷൻ എന്നിവയും പ്ലാനിലും ന്യൂനതകൾ കാണുന്നു. എന്നുള്ള വിവരങ്ങൾ ഉപസമിതി കൺവീനർ ശ്രീമതി.ജലജ സി അറിയിച്ചു.

കെട്ടിടങ്ങൾക്ക് 10 മീറ്റർ ഉയരം വരെയുള്ളവയ്ക്ക് ഒരേ സെറ്റ് ബാക്ക് ആണെന്നും മറ്റ് ചട്ടലംഘനങ്ങൾ പരിഹരിക്കുകയാണെങ്കിൽ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ജില്ല ടൌൺ പ്ലാനർ അറിയിച്ചു.

യോഗം കൃത്യം 11.00 ന് അവസാനിച്ചു.